"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- തിരൂർ നഗരസഭയിലെ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. മായ.എം. എന്നവരുടെ ഐ.വി.എഫ്. ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1998/2026/LSGD തീയതി,തിരുവനന്തപുരം, 26-10-2026

---

പരാമർശം:-
1. ശ്രീമതി. മായ.എം. എന്നവരുടെ 06/07/2023-ലെ അപേക്ഷ.
2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 06/08/2025 ലെ LSGD/PD/23319/2025-DEG2 നമ്പർ കത്ത്
3. G.O(P)No.8/2017/H&FWD തീയതി 10/02/2017

**<u>ഉത്തരവ്</u>**

തിരൂർ നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. മായ.എം. എന്നവരുടെ ഐ.വി.എഫ്. ട്രീറ്റ്മെന്റ് സംബന്ധിച്ച് 08.02.2023 മുതൽ 14.05.2023 വരെ മലപ്പുറം എടപ്പാൾ ഹോസ്പിറ്റലിൽ നടന്ന ചികിത്സയ്ക്കുവേണ്ടി ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനു പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരൂർ നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. മായ.എം. എന്നവരുടെ ഐ.വി.എഫ്. ട്രീറ്റ്മെന്റ് സംബന്ധിച്ച് 08.02.2023 മുതൽ 14.05.2023 വരെ മലപ്പുറം എടപ്പാൾ ഹോസ്പിറ്റലിൽ നടന്ന ചികിത്സയ്ക്കുവേണ്ടി ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ച തുകയായ ₹1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണാനുമതി നൽകാവുന്നതാണെന്ന വ്യവസ്ഥയിൽ തിരൂർനഗരസഭയുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും സഹിതം)

സെക്രട്ടറി, തിരൂർ നഗരസഭ

ശ്രീമതി. മായ.എം.മുൻ ക്ലർക്ക് ,തിരൂർ നഗരസഭ

(സെക്രട്ടറി, തിരൂർ നഗരസഭ മുഖേന )

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 26-10-2026
16:34:06

സെക്ഷൻ ഓഫീസർ